# താങ്കളുടെ പ്രശ്നം ആർ പരിഹരിക്കും



മനുഷ്യർക്കെല്ലാം പ്രശ്നങ്ങളുണ്ട്. എന്നാലതിന്റെയെല്ലാം അടിസ്ഥാനം ഒറ്റ പ്രശ്നമാണ്. പാപം എന്ന മാരകമായ രോഗം, രോഗലക്ഷണങ്ങൾ മാത്രമാണ് ബാക്കിയെല്ലാം. ദൈവം വെളിപ്പെടുത്തിയ ജീവിതയാഥാർത്ഥ്യമാണിത്. മനുഷ്യർ പാപപ്രകൃതത്തോടെയാണ് ജനിക്കുന്നത്. ''എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു'' (റോമർ 3:23). മനുഷ്യജീവിതത്തിന്റെ ആദ്യശ്വാസം മുതൽ പാപം പ്രകടമാണ്. ശൈശവം മുതൽ വാർദ്ധക്യം വരെ പാപം അവനിൽ കാതലായി വളർന്നുകൊണ്ടിരിക്കുന്നു. തോന്നലുകൾ, ഭാവനകൾ, അഭിരുചികൾ, പ്രചോദനങ്ങൾ, ആവിഷ്ക്കാരങ്ങൾ, നോട്ടങ്ങൾ, സംസാരങ്ങൾ, ക്രിയകൾ തുടങ്ങിയ വ്യത്യസ്ത ഭാവത്തിലാണവ തലപൊക്കുന്നത്. ''മനുഷ്യനിൽ നിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്. അകത്തുനിന്ന് മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നെ ദുശ്ചിന്ത, വ്യഭിചാരം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു'' (മർക്കോസ് 7:20-23).

ഓരോ പാപവും നമ്മെ നയിക്കുന്നത് അപകടത്തിലേക്കാണ്. അർബ്ബുദരോഗകോശത്തേക്കാൾ ശക്തിയോടെയാണ് പാപം വളരുന്നത്. മനുഷ്യർ പാപത്തിന്റെ അടിമകളാകുന്നതിനാൽ പ്രതിരോധിക്കാൻ കഴിയാതെ അതിന്റെ ആധിപത്യത്തിന് കീഴ്പ്പെടുകയാണ്. യേശു പറഞ്ഞു, ''പാപം ചെയ്യുന്നവൻ പാപത്തിന്റെ ദാസനാണ്'' (യോഹന്നാൻ 8:32).

മരണത്തോടെ മനുഷ്യർ ന്യായവിധിയിലേക്കും നിത്യനാശത്തിലേക്കും പോകുന്നു. ദൈവം കല്പിച്ചതോർക്കുക; ''പാപത്തിന്റെ ശമ്പളം മരണമത്രേ'' (റോമർ 6:23). പാപത്തിൽ മരിക്കുന്ന മനുഷ്യൻ അന്തമില്ലാത്ത നിത്യശിക്ഷ അനുഭവിക്കുവാൻ നിത്യമായ തീപ്പൊയ്കയിലേക്കാണ് പോകുന്നത് അതാണ് രണ്ടാം മരണം.

പാപം എന്ന തീരാപ്രശ്നത്തിന് മനുഷ്യർ വ്യത്യസ്ത പരിഹാരക്രിയകൾ നിർദ്ദേശിക്കാറുണ്ട്. തങ്ങളുടെ എണ്ണമറ്റ പാപങ്ങളിൽ നിന്നും രക്ഷനേടുവാൻ ചിലർ മതം പരീക്ഷിക്കുന്നു, ചിലർ ദേഹദണ്ഡന

മുറകൾ പരീക്ഷിക്കുന്നു, മറ്റുചിലർ പശ്ചാത്താപം, സൽപ്രവൃത്തികൾ, പരോപകാരം, ധ്യാനം, ജഡാഭിലാഷനിവൃത്തി, നാസ്തികത്വം തുടങ്ങിയവ പരീക്ഷിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. മനുഷ്യരാൽ എളുപ്പത്തിൽ മായിക്കാനോ തുടച്ചു നീക്കാനോ കഴിയുന്നതല്ല പാപം. ''ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ'' (യെശയ്യാവ് 64:6). ലോകത്തിലെ പല തത്വചിന്തകളും മതാശയങ്ങളും മനുഷ്യനെ നയിക്കുന്നത് വ്രതാനുഷ്ഠാനങ്ങളോ ബാഹ്യശുദ്ധീകരണകർമ്മങ്ങളോ കൊണ്ടു നേട്ടമുണ്ടാക്കാൻ കഴിയുമെന്ന വിശ്വാസത്തിലേക്കാണ്. അതിനാലാർക്കും പാപക്ഷമയും ആത്മരക്ഷയും ലഭിച്ചു സ്വർഗ്ഗത്തിലെത്താനാകുമെന്നാണ്. അത് വെറും അബദ്ധം മാത്രമാണ്. ''എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാനറിയുന്നു നന്മ ചെയ്യാനുള്ള താല്പര്യം എനിക്കുണ്ട് പ്രവർത്തിക്കുന്നതോ ഇല്ല ഞാൻ ചെയ്യാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്'' (റോമർ 7:18).

ഓരോരുത്തരും പാപത്താൽ അശുദ്ധമാക്കപ്പെട്ടിരിക്കയാൽ പരിശുദ്ധ ദൈവത്തിന്റെ മുമ്പാകെ അവൻ ചെയ്യുന്നതൊന്നും നല്ലതും പര്യാപ്തവുമായി എണ്ണപ്പെടുന്നില്ല. പാപംമൂലം നമ്മുടെ ഹൃദയവും മനസ്സും ശരീരവും മലീമസമാണ്. നമ്മുടെ മനസ്സ് സമാധാനവും ഹൃദയം സ്നേഹവും ചിന്ത യഥാർത്ഥ ജീവിതലക്ഷ്യവും ആഗ്രഹിക്കുന്നതിനാൽ നാം ലോകത്തിലെവിടെ നിന്നും നേടാൻ കഴിയാത്തതെന്തെങ്കിലും യഥാർത്ഥ സംതൃപ്തി കൊതിക്കുന്നു. പാപം നിമിത്തം മനുഷ്യൻ നട്ടം തിരിയുകയാണ്. നാം ഭൂമിയിൽ നരകത്തിലാണ്, കാത്തിരിക്കുന്നത് നിത്യമായ തീപ്പൊയ്കയും.

ദൈവം അപരിമേയവിശുദ്ധനും നിഷ്കളങ്കനുമായ പരിപൂർണ്ണനാണ്. മനുഷ്യൻ പാപത്തിൽ പതിച്ചതോടെ ദൈവത്തിൽ നിന്ന് അന്യനാക്കപ്പെടുകയും തൽഫലമായ മരണത്തിനും നാശത്തിനും ഇരയാകുകയുമാണുണ്ടായത്. പരിശുദ്ധനായ ഒരാളുടെ രക്തച്ചൊരിച്ചിൽ കൂടാതെ പാപമോചനമില്ല. സ്നേഹനിധിയായ ദൈവം തന്റെ ഓമനപുത്രനെ നമുക്കു പ്രതിപകരമാകാൻ തന്നു. പാപത്തിൽ നിന്നും നരകത്തിൽ നിന്നും നമ്മെ വീണ്ടെടുക്കാൻ ദൈവം മനുഷ്യനായി.

യേശു കന്യകയിൽ നിന്നും പാപരഹിതനായി ഭൂജാതനായി, പാപരഹിതജീവിതം നയിച്ചു, കുരിശിൽ വച്ച് നമ്മുടെ പാപത്തെ തന്റേമേൽ ഏറ്റെടുത്തു. യേശു നമ്മുടെ പാപവും ശാപവും യാതനകളും ക്രൂശുമരണവിധിയും ഏറ്റെടുത്ത് തന്റെ വിലയേറിയ രക്തം നമ്മുടെ പാപമോചനത്തിനായി ചൊരിഞ്ഞു. മരിച്ചടക്കപ്പെട്ട് മൂന്നാം നാൾ ജയാളിയായി ഉയിർത്തു. അവന്റെ മഹത്തായ വീണ്ടെടുപ്പുവേലയുടെ അടിസ്ഥാനത്തിൽ അവനിൽ വിശ്വാസമർപ്പിച്ചു മാനസാന്തരപ്പെടുന്ന ഏതൊരാൾക്കും തീർച്ചയായും പാപമോചനം ലഭ്യമാണ്. ഇന്നത്തെ പാഴായ ജീവിതം മാറുകയും ഭാവിയിൽ അഗ്നിനരകത്തിൽ നിന്നും വിടുവിക്കപ്പെടുകയും ചെയ്യും. നമ്മുടെ രക്ഷയുടേയും നിത്യതയുടേയും പ്രത്യാശ യേശു മാത്രമാണ്. ‘‘മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിന്റെ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല’’ (അപ്പൊസ്തലപ്രവൃത്തികൾ 4:12). ‘‘ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ’’ (റോമർ 6:23).

ഇപ്പോൾ താങ്കൾക്കു മനസ്സിലായില്ലേ ആർക്കാണ് പ്രശ്നം പരിഹരിക്കുവാൻ കഴിയുക എന്ന്? ഇനി എന്തിന് വൈകുന്നു? ഇപ്പോൾ തന്നെ പൂർണ്ണഹൃദയത്തോടെ മാനസാന്തരപ്പെട്ട് പാപത്തെ ഏറ്റു പറഞ്ഞുപേക്ഷിക്കുക. യേശുവിനെ കർത്താവായി (ദൈവമായി) കൈക്കൊണ്ട് രക്ഷിക്കപ്പെടുക,. ‘‘കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്’’ (എഫെസ്യർ 2:8). ജീവിതം കർത്താവായ യേശുക്രിസ്തുവിനർപ്പിച്ച് ജന്മസാഫല്യം നേടുക.

പ്രാർത്ഥനയ്ക്കും ആത്മീയ നിർദ്ദേശങ്ങൾക്കും ....

**Victory Worship Centre**
Tadbund X Roads
Secunderabad.
e-mail: Vwc@victorybibleministries.org

All Scriptres are taken from the Holy Bible

Copyright vbm 2016